# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1956 15.07.2016 -ൽ മറുപടിയ്ക്ക്

### ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എം.മുകേഷ് | | മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) | കൊല്ലം ജില്ലയിലെ ഭൂഗർഭ ജലവിതാനം വർഷംതോറും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | അത്തരം റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല |
| ബി) | ഭൂഗർഭജലവിതാനം ഉയർത്തുന്നതിനായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | ബി) | ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനായി വിവിധതരം മഴക്കുഴികൾ, കിടങ്ങുകൾ, തടയണകൾ, അടിയണകൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവലംബിച്ചു വരുന്നു. കൂടാതെ, ഇതിന്റെ ആവശ്യകത പൊതുജനങ്ങൾക്ക് ബോദ്ധ്യപ്പെടുത്തുന്നതിനായി ഭൂഗർഭ ജലവകുപ്പിന്റെ നേതൃത്വത്തിൽ സെമിനാറുകൾ കൊല്ലം ജില്ലയിൽ നടത്തിയിട്ടുണ്ട്. |
| സി) | ഭൂഗർഭജലവിതാനം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, കൊല്ലം ജില്ലയിൽ കുഴൽകിണർ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയ പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ? | സി) | ഇപ്രകാരമുള്ള പഞ്ചായത്തുകൾ കൊല്ലം ജില്ലയിൽ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ